**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കാർഷിക കർമ്മസേനകളുടെയും, കാർഷിക സേവന കേന്ദ്രങ്ങളുടെയും സ്പെഷ്യൽ ഓഫീസറായും, സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായുമുള്ള ഡോ.യു.ജയ്കുമാരന്റെ കരാർ നിയമനം 30.10.2023 മുതൽ രണ്ട് വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1142/2023/AGRI തീയതി, തിരുവനന്തപുരം, 29-11-2023

---

പരാമർശം:- 1. 27.10.2017-ലെ സ.ഉ (കൈ)നം.135/2017/കൃഷി.

2. 31.03.2018-ലെ സ.ഉ (സാധാ) നം.295/2018/കൃഷി.

3. 14.06.2019-ലെ സ.ഉ (കൈ) നം.79/2019/കൃഷി.

4. 16.11.2019-ലെ സ.ഉ (കൈ) നം.133/2019/കൃഷി.

5. 23.09.2020-ലെ സ.ഉ (സാധാ നം.792/2020/കൃഷി.

6. 31.12.2021-ലെ സ.ഉ (സാധാ നം.1072/2021/കൃഷി

7. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറുടെ 07.10.2023 ലെ വിസി/38/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക കർമ്മസേനകളുടെയും, കാർഷിക സേവന കേന്ദ്രങ്ങളുടെയും ഏകോപനവും, നിയന്ത്രണവും സാധ്യമാക്കുന്നതിനായി കാർഷിക കർമ്മസേനകളുടെയും, കാർഷിക സേവന കേന്ദ്രങ്ങളുടെയും സംസ്ഥാനതല സ്പെഷ്യൽ ഓഫീസറായി കേരള കാർഷിക സർവകലാശാലയിലെ റിട്ട.പ്രൊഫസർ ഡോ.യു.ജയ്കുമാരനെ രണ്ട് വർഷത്തേയ്ക്ക് താൽകാലികമായി പ്രതിമാസം 1,09,425/-രൂപ കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ പരാമർശം (1) പ്രകാരവും, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ എക്സിക്യൂട്ടിവ് കമ്മിറ്റി (അപെക്സ് ബോഡി) രൂപീകരിച്ചപ്പോൾ ഡോ.യു.ജയ്കുമാരനെ കാർഷിക യന്ത്രവൽക്കരണ മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായും, എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ കൺവീനറായും പരാമർശം (2) പ്രകാരവും നിയമിച്ചിരുന്നു. പരാമർശം (4) മുതൽ (6) വരെയുള്ള ഉത്തരവുകൾ പ്രകാരം ഡോ.യു.ജയ്കുമാരന്റെ കരാർ നിയമന കാലയളവ് 29.10.2023 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2.ഡോ.യു.ജയ്കുമാരന്റെ കരാർ നിയമന കാലാവധി 29.10.2023-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ, കാർഷിക മേഖലയിലുള്ള ഡോ.യു.ജയ്കുമാരന്റെ താൽപര്യവും, പ്രതിബദ്ധതയും കണക്കിലെടുത്തും, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മിഷൻ നാളിതുവരെ നേടിയ വിജയം കണക്കിലെടുത്തും, സേവനപരിചയവും, വൈദഗ്ധ്യവും കണക്കിലെടുത്തും, ഡോ.യു.ജയ്കുമാരന്റെ സേവനം രണ്ട്

വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ഡയറക്ടർ കൂടിയായ കാർഷിക സർവകലാശാല വൈസ് ചാൻസലർ പരാമർശം (7) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.യു.ജയകുമാരന്റെ കാർഷിക യന്ത്രവൽക്കരണ മേഖലയിലെ സംഭാവനകൾ പരിഗണിച്ചും, അദ്ദേഹത്തിന്റെ പ്രവർത്തി പരിചയവും പ്രതിബദ്ധതയും കണക്കിലെടുത്തും, സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ഡയറക്ടർ കൂടിയായ കാർഷിക സർവകലാശാല വൈസ് ചാൻസലറുടെ ശിപാർശ പ്രകാരവും, കാർഷിക കർമ്മസേനകളുടെയും, കാർഷിക സേവന കേന്ദ്രങ്ങളുടെയും സ്പെഷ്യൽ ഓഫീസറായും, സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ചിഫ് എക്സിക്യൂട്ടിവ് ഓഫീസറായുമുള്ള ഡോ.യു.ജയ്കുമാരന്റെ കരാർ നിയമനം പ്രതിമാസം **1,09,425** രൂപ കൺസോളിഡേറ്റഡ് വേതനത്തിൽ **30.10.2023** മുതൽ രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
വൈസ് ചാൻസലർ, കേരള കാർഷിക സർവകലാശാല (മിഷൻ ഡയറക്ടർ, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ), വെള്ളാനിക്കര, കാർഷിക സർവകലാശാല പി.ഒ, തൃശൂർ.
ഡോ.യു.ജയ്കുമാരൻ, സ്പെഷ്യൽ ഓഫീസർ (കാർഷിക കർമ്മസേന & അഗ്രോ സർവീസ് സെന്റർ) & ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ (കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ) അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
(**https://document.kerala.gov.in** എന്ന വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി (നം.അഗ്രി-ഐ.എഫ്.എ1/199/2023-അഗ്രി).
പകർപ്പ്:-
1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. കാർഷികോത്പാദന കമ്മിഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.
4. കൃഷി വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ